*Malappuram District Police*

## 30.06.2017 വേങ്ങര

വേങ്ങര പോലീസ് നടത്തിയ വാഹനപരിശോധനക്കിടെ പോലീസ് ഓഫീസറെ കാറിടിച്ച് അപായപ്പെടുത്താന്‍ ശ്രമിച്ച സംഭവത്തില്‍ പ്രതി കീഴടങ്ങി. എ.ആര്‍. നഗര്‍ പാലമടത്തില്‍ച്ചിന പാലമടത്തില്‍വീട്ടില്‍ മുഷ്താഖ് അലി(23) ആണ് കീഴടങ്ങിയത്. പോലീസിന്റെ കൃത്യനിര്‍വഹണം തടസ്സപ്പെടുത്തിയതിനായിരുന്നു പ്രതിക്കെതിരെ കേസെടുത്തത്. പ്രതിക്ക് ഹൈക്കോടതി മുന്‍കൂര്‍ ജാമ്യം അനുവദിച്ചിരുന്നു. കഴിഞ്ഞ ഏപ്രില്‍ 22ന് കണ്ണമംഗലം ഗ്രാമപ്പഞ്ചായത്തിലെ ചെരുപ്പടിമലയില്‍ വെച്ചായിരുന്നു സംഭവം. കാര്‍ എ.ആര്‍. നഗര്‍ പാലമടത്തില്‍ചെനയില്‍നിന്ന് കസ്റ്റഡിയിലെടുത്തിരുന്നു. വേങ്ങര എസ്.ഐ. കെ.അബ്ദുല്‍ ഹക്കീമിന്റെ മുമ്പാകെ ഹാജരായ പ്രതിക്ക് ജാമ്യം നല്‍കി.